ശബരിമല തിരുവാഭരണ പാതയിലെ പൂവത്തുംമൂട്ടിൽ പാലം നിർമ്മാണം

130 [1477] ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ശബരിമല തിരുവാഭരണ പാതയിലെ പൂവത്തും മൂട്ടിൽ പാലം നിർമ്മിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പാലത്തിനായി തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഈ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) 128 ലക്ഷം. ശേഖരിച്ച് നൽകുന്നതാണ്.

(സി) ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ടില്ല.

കെ. എസ്. ടി. പി. അനുസരിച്ചു നിർമ്മിച്ച റോഡ്

131 [1479] ശ്രീ. വി. ജെ. പൗലോസ്:
,, കെ. സുധാകരൻ:
,, ലൂഡി ലൂയിസ്:
,, കടവൂർ ശിവദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. അനുസരിച്ച് നിർമ്മിച്ച റോഡിൽ എവിടെയെല്ലാം വിള്ളലുണ്ടായിട്ടുണ്ട്;

(ബി) പ്രസ്തുത സംഗതിയ്ക്ക് ടാർ വച്ച് അടച്ചിട്ടുണ്ടോ;

(സി) ഈ രീതിയിൽ അടയ്ക്കുന്നത് റോഡിനു മെച്ചപ്പെട്ട പരിരക്ഷ ലഭിക്കുന്നതിനിടയാകുമോ?

ഉത്തരം

(എ) പണിയിലെ പിഴവു കാരണം റോഡിൽ വിള്ളലുകൾ ഉണ്ടായിട്ടില്ല.

(ബി) KWA-യുടെ പൈപ്പുകൾ പൊട്ടിയും അല്ലാതെയുമുണ്ടാകുന്ന വിള്ളലുകൾ അപ്പപ്പോൾ തന്നെ നന്നാക്കുന്നുണ്ട്.

(സി) റോഡിന് നല്ല പരിരക്ഷ ലഭിക്കുന്ന വിധത്തിലാണ് പണി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly